TM(2) **13471**/2020

Directorate of Agricultural
Development and Farmers Welfare
Vikas Bhavan, Thiruvananthapuram
Dated : 30/10/2020

# <u>സർക്കുലർ</u>

വിഷയം: കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാനവില പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്:
സൂചന: GO (MS )No. 80/2020/AGRI Dtd 26.10.2020

സൂചന പ്രകാരം സംസ്ഥാനത്ത് നവംബർ ഒന്നുമുതൽ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രാബല്യത്തിൽ വരുന്നു. **കേരള ഫാം ഫ്രഷ് പഴം പച്ചക്കറി- അടിസ്ഥാനവില** പ്രഖ്യാപിക്കുന്നതിന്റെ ലക്ഷ്യങ്ങൾ

- ബന്ധപ്പെട്ട എല്ലാ ഏജൻസികളും ഉൾപ്പെടുത്തി മാർക്കറ്റിംഗ്സംവിധാനം ശക്തിപ്പെടുത്തുക
- കർഷകർക്ക് വില സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കുക.
- വിപണി വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതിൽ നിന്ന് കർഷകരെ സംരക്ഷിക്കുക
- തിരഞ്ഞെടുത്ത വിളകളുടെ വില കുത്തനെ ഇടിയുന്നതും കൂടുന്നതും നിയന്ത്രിക്കുന്നതിനുള്ള ഒരു ഉപാധിയായി മാറുക.
- കൂടുതൽസ്ഥലങ്ങളിലേക്ക്കൃഷി വ്യാപിപ്പിക്കുന്നതിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക.

കാർഷികോൽപ്പന്നങ്ങളുടെ വിപണി ശക്തിപ്പെടുത്തുന്നതിനായി സഹകരണവകുപ്പ് (പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾ വഴി) ,തദ്ദേശസ്വയംഭരണവകുപ്പ്, കാർഷിക വികസന കർഷക ക്ഷേമവകുപ്പ് എന്നീ 3 വകുപ്പുകൾ സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് കോപ്പറേറ്റീവ് സൊസൈറ്റി ( PACS )

2020 നവംമ്പർഒന്ന്മുതൽ 250 സംഭരണകേന്ദ്രങ്ങും വിപണികളും കേരളത്തിൽ ഉടനീളം ആരംഭിക്കുകയും ഈസാമ്പത്തികവർഷത്തിന്റെ അവസാനത്തോടെ ഇത് 500 ആയി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പ് സ്വീകരിക്കും. മൂല്യവർദ്ധനവിനും വൈവിദ്ധ്യവൽക്കരണത്തിലും ഊന്നൽ നൽകിയുള്ള പ്രവർത്തനങ്ങൾ കർഷകർക്ക് കൃഷിയിലേർപ്പെടാൻ കൂടുതൽ ആത്മവിശ്വാസം നൽകും.ആദ്യ ഘട്ടമെന്നനിലയിൽ 250 തെരഞ്ഞെടുത്ത PACS കൾ വഴി ഈ പദ്ധതി നടപ്പിലാക്കും. ഓരോ PACS ഉം ഇതിനായി വിപണികൾ ആരംഭിക്കും. ഓരോ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളും സംഭരിച്ച മുഴുവൻ പച്ചക്കറികൾ സഹകരണവകുപ്പിന്റെ കീഴിലുള്ള വിപണികൾ വഴി വിറ്റഴിക്കുന്നതാണ്.

**PACS കളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന 250 വിപണികളുടെ പട്ടിക സഹകരണവകുപ്പ് പ്രത്യേകമായി 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്ന വിധം**

**പ്രസിദ്ധീകരിക്കേണ്ടതാണ്.** അടിസ്ഥാന വില ലഭിക്കുന്നതിന് കർഷകർ ഉല്പന്നങ്ങൾ ടി PACS ലേക്ക് എത്തിക്കേണ്ടതാണ്. സ്വന്തം സംവിധാനങ്ങളിലൂടെ സംഭരിക്കുന്ന കാർഷിക വിളകളുടെ വിപണി ഉറപ്പാക്കുന്നതിൽ PACS ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതും ഓരോ PACS ലും രജിസ്റ്റർ ചെയ്ത കർഷകരുടെ സംഭരണത്തിന്റെ ദൈനംദിന വിശദാംശങ്ങൾ (ഇനം, അളവ്, വില എന്നിവ ഉൾപ്പെടുന്നു) കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. സംഭരിച്ച കാർഷിക വിളകളുടെ വിൽപ്പനയ്ക്ക് ശേഷം, PACS നു ലഭിക്കേണ്ട ഗ്യാപ് ഫണ്ട് സംബന്ധിച്ച ക്ലെയിം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം ഫണ്ട് അതാത് PACS ന് നൽകേണ്ടതുമാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർമാനായും പ്രാഥമിക കാർഷിക സഹകരണ സംഘം പ്രസിഡന്റ് വൈസ് ചെയർമാനായും പ്രാഥമിക കാർഷിക സഹകരണസംഘം സെക്രട്ടറി കൺവീനർ ആയും മറ്റ അനുബന്ധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റി അംഗീകരിച്ച ക്ലെയിം PACS ന് നൽകുകയും ഗ്യാപ്പ് ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം PACS ന് മാറി നൽകേണ്ടതും PACS ന്റെ ക്ലയിം പ്രകാരം മാറി നൽകേണ്ട അർഹതപ്പെട്ട തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതും ടി തുക സർക്കാർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് റീക്കൂപ്പ് ചെയ്തു നൽകുന്നതുമാണ്.

**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് :**

കാർഷികവികസനകർഷകക്ഷേമവകുപ്പിന്റെ കീഴിലുള്ള വിവിധഏജൻസികൾവഴി പച്ചക്കറികൾ സംഭരിക്കുകയും കൃഷികുപ്പിന്റെകീഴിൽപ്രവർത്തിക്കുന്ന 1884 വിപണികൾ വഴി വിറ്റഴിക്കുകയുംചെയ്യും. ഇതിനു പുറമേ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന 1000 ഗ്രാമചന്തകൾ, നഗര പ്രദേശങ്ങളിൽആരംഭിക്കുന്നആഴ്ച ചന്തകൾതുടങ്ങിയവയിലൂടെയും സംഭരിക്കുന്ന പഴംപച്ചക്കറികൾ കേരളത്തിലുടനീളം വിറ്റഴിക്കും.

പദ്ധതിനടത്തിപ്പിനായി കൃഷിവകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള IT സംവിധാനമായ AIMS പോർട്ടൽ പ്രയോജനപ്പെടുത്തുന്നതാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

പച്ചക്കറിയുടെ ഉൽപ്പാദനത്തിലും വിപണനത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ്. ഏതെങ്കിലും ഘട്ടത്തിൽ പ്രാഥമിക കാർഷികസഹകരണ സംഘങ്ങൾക്ക് സാമ്പത്തികനഷ്ടം വരുന്ന സാഹചര്യം ഉണ്ടാവുക ആണെങ്കിൽ അതാതു തദ്ദേശസ്ഥാപനങ്ങളുടെ വയബിലിറ്റി ഗ്യാപ്പ്ഫണ്ടിൽ(VIABILITY GAP FUND) ഉൾപ്പെടുത്തി നഷ്ടം നികത്താവുന്നത് ആണ്. ഇതിനായി പഞ്ചായത്ത് 5 ലക്ഷം രൂപക്ക് പ്രത്യേക ഫണ്ട് വകയിരുത്തേണ്ടതാണ് –.

**കേരള ഫാം ഫ്രഷ് പഴം പച്ചക്കറികൾ – അടിസ്ഥാന വില**

ഒരു നിശ്ചിത കാർഷികോൽപ്പന്നത്തിന്റെ ഉല്പാദനത്തിന് കർഷകനു ലഭിക്കുന്ന ഏറ്റവും കുറഞ്ഞ വിലയാകും അടിസ്ഥാന വില. അടിസ്ഥാന വില പ്രഖ്യാപിക്കുന്നതോടെ അടിസ്ഥാന വിലയേക്കാൾ വിപണി വിലയിൽ ഇടിവുണ്ടാകുമ്പോൾ അടിസ്ഥാന വില കർഷകനു ലഭിക്കുന്നതിനാൽ കർഷകന് ഉണ്ടാകുന്ന വരുമാന നഷ്ടം കുറയ്ക്കുകവഴി കർഷക താത്പര്യം സംരക്ഷിക്കുവാനും വിപണിയിലെ വില വ്യതിയാനങ്ങൾ തടയുവാനും സാധ്യമാകും. കൂടാതെ അടിസ്ഥാന വില നിർണ്ണയം ഒരു കർഷകന് നിശ്ചിത വരുമാനം ഉറപ്പുനൽകുന്നതിനാൽ അടിസ്ഥാന വിലയുള്ള വിളകൾ കൃഷി ചെയ്യാൻ കർഷകനെ പ്രേരിപ്പിക്കുകയും ഇത്

സംസ്ഥാനത്ത് പച്ചക്കറികളുടെ ഉൽപാദനം വർദ്ധിപ്പിക്കുവാനും അതുവഴി പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും സഹായിക്കുകയും സുരക്ഷിതവും പ്രാദേശികവുമായ പച്ചക്കറികൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിന് സാധ്യമാക്കുകയും ചെയ്യും.

**അടിസ്ഥാന വില – വിശദാംശങ്ങൾ**

ആദ്യ ഘട്ടമെന്ന നിലയിൽ ചുവടെ ചേർക്കുന്ന ഫാംഫ്രഷ് പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിക്കുന്നത്. സംസ്ഥാന വില നിർണ്ണയ ബോർഡ് തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അടിസ്ഥാന വില ശുപാർശ ചെയ്തിട്ടുള്ളത്.

| ക്രമ നം | വിള | അടിസ്ഥാന വില |
|---|---|---|
| 1 | മരച്ചീനി | **12** |
| 2 | നേന്ത്രൻ<br>*വയനാടൻ നേന്ത്രൻ | **30**<br>**24** |
| 3 | കൈതച്ചക്ക | **15** |
| 4 | കുമ്പളം | **9** |
| 5 | വെള്ളരി | **8** |
| 6 | പാവൽ | **30** |
| 7 | പടവലം | **16** |
| 8 | വള്ളിപയർ | **34** |
| 9 | തക്കാളി | **8** |
| 10 | വെണ്ട | **20** |
| 11 | ക്യാബേജ് | **11** |
| 12 | ക്യാരറ്റ് | **21** |
| 13 | ഉരുളകിഴങ്ങ് | **20** |
| 14 | ബീൻസ് | **28** |
| 15 | ബീറ്റ്റൂട്ട് | **21** |
| 16 | വെളുത്തുള്ളി | **139** |

**അടിസ്ഥാന ഉത്പാദന ക്ഷമത നിർണയം**

| ക്രമ നം | വിള | അടിസ്ഥാന ഉത്പാദന ക്ഷമത (MT/Ha) |
|---|---|---|
| 1 | മരച്ചീനി | 15 |
| 2 | നേന്ത്രൻ<br>*നേന്ത്രൻവയനാടൻ | 10<br>10 |
| 3 | കൈതച്ചക്ക | 14 |
| 4 | കുമ്പളം | 11 |
| 5 | വെള്ളരി | 10 |
| 6 | പാവൽ | 10 |
| 7 | പടവലം | 15 |
| 8 | വള്ളിപയർ | 8 |
| 9 | തക്കാളി | 15 |
| 10 | വെണ്ട | 8 |
| 11 | ക്യാബേജ് | 20 |
| 12 | ക്യാരറ്റ് | 15 |
| 13 | ഉരുളകിഴങ്ങ് | 15 |
| 14 | ബീൻസ് | 11 |
| 15 | ബീറ്റ്റൂട്ട് | 12 |
| 16 | വെളുത്തുള്ളി | 05 |

.

**അടിസ്ഥാന വിലയുടെ ആനുകൂല്യം ഈ ഉൽപ്പാദനക്ഷമതയിൽ നിജപ്പെടുത്തുന്നതാണ്.** ***കൂടാതെ ഒരു കർഷകന് പരമാവധി ഒരു സീസണിൽ 6 ഹെക്ടർ സ്ഥലത്തിനുള്ള ആനുകൂല്യത്തിന് മാത്രമേ അർഹത ഉണ്ടാകുക ഉള്ളൂ.***

**റഫറൻസ് വിലയ്ക്കായി നോഡൽ റഫറൻസ് മാർക്കറ്റുകളുടെ വിജ്ഞാപനം**

ഓരോ ജില്ലയിലെയും മൊത്ത വിപണി വിലയ്ക്കായി അനുബന്ധം 1 –ൽ പറയുന്ന മാർക്കറ്റുകൾ നോഡൽ റഫറൻസ് മാർക്കറ്റായി തിരഞ്ഞെടുത്തിട്ടുണ്ട്. അത്തരം വിപണികളിൽ നിന്ന് അപ്‌ലോഡ് ചെയ്ത ഡാറ്റയിൽ നിന്ന് അടിസ്ഥാന വില പ്രഖ്യാപിക്കുന്നതിനുള്ള റഫറൻസ് വില എടുക്കും.

നോഡൽ റഫറൻസ്_മാർക്കറ്റുകളിലെ വില ദിവസവും AIMS പോർട്ടലിൽ അപ്ഡേറ്റ് ചെയ്യും. റഫറൻസ് മാർക്കറ്റുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ് ഇതിന്റെ

ചുമതല.എഡി.എ മാർക്കറ്റിംഗ് AIMS പോർട്ടലിലെ ഡാറ്റ അപ്ഡേഷൻ ഉറപ്പാക്കുകയും പ്രാഥമിക ഡാറ്റാ വിശകലനം നടത്തുകയും ചെയ്യും.

പദ്ധതിയുടെ ജില്ലാതല നടത്തിപ്പ് വിലയിരുത്തുന്നതിനായി ജില്ലാതല പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി (DLPMC) രൂപീകരിച്ചിട്ടുണ്ട്

| | | |
|---|---|---|
| 1 | ജില്ലാ കളക്ടർ | ചെയർമാൻ |
| 2 | പ്രിൻസിപ്പൽ കൃഷി ഓഫീസർ | കൺവീനർ |
| 3 | ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | അംഗം |
| 4 | ഡപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് | അംഗം |
| 5 | പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ | അംഗം |
| 6 | കോപ്പറേറ്റീവ് ജോയിന്റ് രജിസ്ട്രാർ | അംഗം |
| 7 | ADA (മാർക്കറ്റിംഗ് ) | അംഗം<br>&<br>നോഡൽ ഓഫീസർ |
| 8 | ജില്ലാ മാനേജർ, വിഎഫ്പിസികെ | അംഗം |
| 9 | ജില്ലാ മാനേജർ, ഹോർട്ടികോർപ്പ് | അംഗം |
| 10 | PACS പ്രതിനിധി | അംഗം |

**ചുമതലകൾ**

1) കേരള ഫാം ഫ്രഷ് പഴം പച്ചക്കറികളുടെ വില അടിസ്ഥാന വിലയേക്കാൾ താഴ്ണോ എന്ന് വിലയിരുത്തുകയും – അടിസ്ഥാന വില നിലവിൽ വന്നു എന്ന് അറിയിക്കുകയും ചെയ്യുക

2. പദ്ധതിയുടെ ജില്ലാ തല മോണിറ്ററിങ്

റഫറൻസ് മാർക്കറ്റ് ഡാറ്റയുടെ അടിസ്ഥാനത്തിൽ *ജില്ലാതലപ്രൈസ്* മോണിറ്ററിങ് *കമ്മിറ്റി (DLPMC) ഉത്പന്നങ്ങളുടെ വിപണി വില വിലയിരുത്തുകയും റഫറൻസ് വില ജില്ലയിലെ അടിസ്ഥാന വിലയേക്കാൾ താഴെയാണോ* എന്ന് തീരുമാനിക്കുകയും ചെയ്യും. ഈ കമ്മറ്റിയുടെ തീരുമാനപ്രകാരം പ്രാഥമിക സഹകരണസൊസൈറ്റികൾ അടിസ്ഥാന വില പ്രകാരമുള്ള സംഭരണം ആരംഭിക്കും.

കൃഷിവകുപ്പിന്റെ കാര്യത്തിൽ DLPMC യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വിപണി വില അടിസ്ഥാന വില യെക്കാൾ താഴ്ന്ന എന്ന് ബോധ്യപ്പെട്ടാൽ ഈ വിവരം കൃഷി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യും.തുടർന്നു കൃഷി വകുപ്പ് ഡയറക്ടർ പ്രസ്തുത ജില്ലയിൽ ആ ഉൽപ്പന്നത്തിന് അടിസ്ഥാന വില നിലവിൽ വന്നു എന്ന് പ്രഖ്യാപിക്കും .

## പദ്ധതി നടത്തിപ്പ്

സംസ്ഥാനത്തൊട്ടാകെ 1884 വിപണികളുടെ ശൃംഖല കൃഷി വകുപ്പിനുണ്ട്. പദ്ധതി ആരംഭിക്കുന്നതിനായി വിഎഫ്പിസികെ, ഹോർട്ടികോർപ്പ്, മറ്റ് നോട്ടിഫൈഡ് മാർക്കറ്റുകൾ എന്നിവയുടെ 300 ഔട്‌ലെറ്റുകൾ വകുപ്പ് തിരഞ്ഞെടുത്തത് അനുബന്ധം II ആയി നൽകുന്നു .

| | | |
|---|---|---|
| 1 | വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ (വിഎഫ്പിസികെ) | 250 |
| 2 | ഹോർട്ടികോർപ്പ് | 18 |
| 3 | കൃഷി വകുപ്പിന് കീഴിലുള്ള മറ്റ് വിപണികൾ | 32 |
| | **ആകെ** | **300** |

കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിലൂടെയാവും പദ്ധതി നടപ്പിലാക്കുന്നത്. അടിസ്ഥാന വിലയുടെ ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ, വിതയ്ക്കൽ വിശദാംശങ്ങൾ, വിസ്തീർണ്ണം, പ്രതീക്ഷിച്ച വിളവ്, വിളവെടുപ്പ് സമയം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. വിശദാംശങ്ങൾ പരിശോധിച്ച ശേഷം കൃഷി ഭവൻ ഉദ്യോഗസ്ഥർ എയിംസ് പോർട്ടലിലെ രജിസ്ട്രേഷന് അംഗീകാരം നൽകും. ജിയോ ടാഗ്ചെയ്ത ഫോട്ടോകൾക്കൊപ്പം വിളയുടെ അവസ്ഥ കൃഷിക്കാരൻ രണ്ടുതവണ അപ്ഡേറ്റ് ചെയ്യണം.

### റഫറൻസ് മാർക്കറ്റ് വില താഴെ പോയാൽ

അടിസ്ഥാന വില ലഭിക്കുന്നതിന്, രജിസ്റ്റർ ചെയ്ത കർഷകർ രജിസ്ട്രേഷൻ വിവരങ്ങളോടൊപ്പം (smart ID) ഉൽപ്പന്നങ്ങൾ അവരുടെ പ്രദേശത്തെ തിരഞ്ഞെടുത്ത മാർക്കറ്റുകളിലേക്കും ശേഖരണ കേന്ദ്രങ്ങളിലേക്കും കൊണ്ടുവരണം. ഉൽപന്നങ്ങൾക്ക് നിലവിലുള്ള വിപണി വില കർഷകർക്ക്സംഭരണ ഏജൻസി നൽകും. ഓരോ ഉൽപ്പന്നത്തിനും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയേക്കാൾ താഴെയായിരിക്കുമ്പോൾ, ഉൽപ്പന്നത്തിന്റെ വിലയിലെ വ്യത്യാസം (അടിസ്ഥാന വില – മാർക്കറ്റ് വില) കൃഷിക്കാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വകുപ്പ് നൽകും. ഓരോ സംഭരണ ഏജൻസിയും രജിസ്റ്റർ ചെയ്ത കർഷകരുടെ സംഭരണത്തിന്റെ ദൈനംദിന വിശദാംശങ്ങൾ AIMS പോർട്ടലിൽ അപ്‌ലോഡ്ചെയ്യും (വിശദാംശങ്ങളിൽ ഇനം, അളവ്, വില എന്നിവ ഉൾപ്പെടുന്നു)

കുറിപ്പ്: ഓരോ ഉൽപ്പന്നത്തിനും നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ താഴെയായിരിക്കുമ്പോൾ, ഉൽപ്പന്നത്തിന്റെ വിലയിലെ വ്യത്യാസം(അടിസ്ഥാന വില- മാർക്കറ്റ് വില) കൃഷിക്കാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് വകുപ്പ് നൽകും. ഇക്കാര്യത്തിൽ നിയമങ്ങളും ചട്ടങ്ങളും ഫണ്ട് ലഭ്യതയും നിരീക്ഷിച്ചതിന് ശേഷം ആയിരിക്കും തുക നൽകുക.

**വിപണനസംവിധാനം**

വാങ്ങുന്ന ഫാം ഫ്രഷ് പഴങ്ങളും പച്ചക്കറികളും **കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് &വെജിറ്റബിൾസ്** എന്ന ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യും. ഓരോ ഏജൻസികളും സംഭരിക്കുന്ന പച്ചക്കറികൾ അതാത് ഏജൻസികൾ തന്നെ വിറ്റഴിക്കണം. PACS സംഭരണം നടത്താത്ത പഞ്ചായത്തുകളിലും PACS ന്റെ സർവീസ് ഏരിയക്ക്പുറത്തുള്ള പഞ്ചായത്തുകളും കൃഷിവകുപ്പിലെ നിലവിലിലുള്ള സംവിധാനം പ്രയോജനപ്പെടുത്തി വിപണന സൗകര്യം ഒരുക്കുന്നതാണ്.

STANDARD OPERATING PROCEDURE

**ഘട്ടം 1: കർഷക രജിസ്ട്രേഷൻ**

ആനുകൂല്യം ലഭിക്കാൻ ആഗ്രഹിക്കുന്ന കർഷകർ വിളവെടുപ്പ് വിസ്തീർണ്ണം, നടീൽ തീയതി, പ്രതീക്ഷി*ക്കുന്ന* വിളവ്, വിളവെടുപ്പ് സമയം എന്നിവ ഉൾപ്പെടെ വിശദാംശങ്ങൾ *നിശ്ചിത സമയത്തിന് മുൻപായി പോർട്ടലിൽ രജിസ്റ്റർ ചെയ്യണം.* കാർഷിക ഇൻഷുറൻസ് എടുത്ത കർഷകരെ മാത്രമേ ഈ പദ്ധതി പ്രകാരം പരിഗണിക്കൂ. *ആദ്യ ഘട്ടം എന്ന നിലയിൽ നവംബർ 30 വരെ രജിസ്റ്റർ ചെയ്യുന്നവർക്ക് ഇതിന് ഇളവ് അനുവദിക്കു ന്നതാണ്.* വിശദാംശങ്ങൾ പരിശോധിച്ച ശേഷം ബന്ധപ്പെട്ട *കൃഷി* അസ്സിസ്റ്റന്റും *കൃഷി* ഓഫീസറും ചേർന്ന് എയിംസ് പോർട്ടലിലെ രജിസ്ട്രേഷന് അംഗീകാരം നൽകും. വിളയുടെ അവസ്ഥയെക്കുറിച്ച് ഉദ്യോഗസ്ഥർ നിർദ്ദേശിക്കപ്പെട്ട സമയത്തു പരിശോധന നടത്തും.

**ഘട്ടം 2: റഫറൻസ് വിലയ്ക്കായി നോഡൽ മാർക്കറ്റുകളുടെ വിജ്ഞാപനം**

*നോഡൽ റഫറൻസ്* മാർക്കറ്റുകളായി *കൃഷി ഡയറക്ടർ വിജ്ഞാപനം ചെയ്ത* വിപണികളിൽ നിന്ന് അപ്‌ലോഡ് ചെയ്ത ഡാറ്റയിൽ നിന്ന് അടിസ്ഥാന വിലക്കുള്ള റഫറൻസ് വില എടുക്കും. വിഎഫ്പിസികെ/വേൾഡ് മാർക്കറ്റുകളെയാണ് പ്രധാനമായും നോഡൽ റഫറൻസ് മാർക്കറ്റുകളായി തിരഞ്ഞെടുക്കുന്നത്.

നോഡൽ റഫറൻസ് മാർക്കറ്റുകളിലെ വില ദിവസവും AIMS പോർട്ടലിൽ അപ്ഡേറ്റ് ചെയ്യും. റഫറൻസ് മാർക്കറ്റുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ് ഇതിന്റെ ചുമതല. എഡി.എ മാർക്കറ്റിംഗ് AIMS പോർട്ടലിലെ ഡാറ്റ അപ്ഡേഷൻ ഉറപ്പാക്കുകയും പ്രാഥമിക ഡാറ്റാ വിശകലനം നടത്തുകയും ചെയ്യും.

**ഘട്ടം 3: അടിസ്ഥാന വിലനിലവിൽ വന്നു എന്ന് പ്രഖ്യാപനം**

റഫറൻസ് മാർക്കറ്റ് ഡാറ്റയുടെ അടിസ്ഥാനത്തിൽ, *ജില്ലാതല പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി (DLPMC) അതത് ഉത്പന്നങ്ങളുടെ വിപണി വില വിലയിരുത്തുകയും ജില്ലയിലെ വിപണി വില അടിസ്ഥാന വിലയേക്കാൾ താഴെയാണോ* എന്ന് തീരുമാനിക്കുകയും ചെയ്യും. വിപണി വില അടിസ്ഥാന വിലയെക്കാൾ താഴ്ന്ന എന്ന് ബോധ്യപ്പെട്ടാൽ ആ ജില്ലയിൽ ആ ഉൽപ്പന്നത്തിന് അടിസ്ഥാന വിലനിലവിൽ വന്നു എന്ന് പ്രഖ്യാപിക്കും. ഉൽപ്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി ആയിരിക്കും അടിസ്ഥാന വിലനൽകുക. ഗുണനിലവാരമില്ലാത്ത ഉൽപ്പന്നങ്ങളുടെ സംഭരണം ഒഴിവാക്കുന്നതിനായി സംഭരണ പ്രക്രിയയിൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാര / ഗ്രേഡ് പാരാമീറ്ററുകൾ സംഭരണ ഏജൻസികൾ ഉറപ്പാക്കും.

**ഘട്ടം 4: വില അടിസ്ഥാന വിലക്കു താഴെയാകുമ്പോൾ**

അടിസ്ഥാന വില ലഭിക്കുന്നതിന്, രജിസ്റ്റർ ചെയ്ത കർഷകർ നിയുക്തമാക്കിയ

നോട്ടിഫൈഡ് മാർക്കറ്റുകളിലേക്ക് രജിസ്ട്രേഷൻ വിവരങ്ങളോടൊപ്പം (Smart ID) ഉൽപ്പന്നങ്ങൾ കൊണ്ടുവരണം. ഗ്രേഡുകളെ അടിസ്ഥാനമാക്കി വിപണി വില നൽകും. *ഓരോ സംഭരണ ഏജൻസിയും രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് ഇനം, അളവ്, വില തുടങ്ങിയവ ഉൾപ്പെടെയുള്ള സംഭരണത്തിന്റെ വിശദാംശങ്ങൾ ദിവസേനAIMS പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം.*

**ഘട്ടം 5: ക്ലെയിം പ്രോസസ്സിംഗ്**

കൃഷി ഓഫീസർ അടിസ്ഥാന വിലക്ക് അർഹരായ കർഷകരുടെ പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കണം. നിർദ്ദിഷ്ട ഫോർമാറ്റിലുള്ള റിപ്പോർട്ട് എയിംസ് പോർട്ടലിൽ നിന്ന് ഡൌൺലോഡ് ചെയ്യാവുന്നതാണ്. പേയ്മെന്റ് പ്രാബല്യത്തിൽ വരുത്തുന്നതിന് സ്റ്റേറ്റ്മെൻറ് വേണ്ട ശുപാർശയുടെ ഡിബിടി സെല്ലിലേക്ക് സമർപ്പിക്കണം.

**ഘട്ടം 6: കൃഷിക്കാർക്ക് വില വ്യത്യാസം നൽകൽ**

അംഗീകാരത്തിനുശേഷം *ഡിബിടി സെൽ മുഖേന യോഗ്യമായ തുക കർഷകരുടെ അക്കൗണ്ടിലേക്ക് കൃഷി ഡയറക്ടർ നേരിട്ട് ക്രെഡിറ്റ്* ചെയ്യും.

കുറിപ്പ്: ഓരോ ഉൽപ്പന്നത്തിനും നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ താഴെയായിരിക്കുമ്പോൾ, ഉൽപ്പന്നത്തിന്റെ വിലയിലെ വ്യത്യാസം (അടിസ്ഥാന വില- മാർക്കറ്റ് വില) കൃഷിക്കാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൃഷി വകുപ്പ് നൽകും. ഇക്കാര്യത്തിൽ നിയമങ്ങളും ചട്ടങ്ങളും ഫണ്ട് ലഭ്യതയു നിരീക്ഷിച്ചതിന് ശേഷം ആയിരിക്കും തുക നൽകുക.

**ഏജൻസികളുടെ ചുമതലകൾ**

**വി.എഫ്.പി.സി.കെ**

ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 300 വകുപ്പ്തല മാർക്കറ്റുകളിൽ 250 എണ്ണം വി.എഫ്.പി.സി.കെ മാർക്കറ്റുകളാണ്. ആയതിനാൽ വി.എഫ്.പി.സി.കെ പൂർണ്ണ ഉത്തരവാദിത്വത്തോടെ ഈ പദ്ധതിയിൽ പങ്കുചേരേണ്ടതാണ്.

**വി.എഫ്.പി.സി.കെ മാർക്കറ്റുകൾ എയിംസ് പോർട്ടലിൽ ഉൾപ്പെടുത്തൽ**

ഇതിനായി സംസ്ഥാനതലത്തിൽ നിന്നും(super admin) ജില്ലാതല ഉദ്യോഗസ്ഥരെ (ജില്ലാ മാനേജർ) പോർട്ടലിൽ രജിസ്റ്റർ ചെയ്യും. ഇവർക്കാണ് ജില്ലയിലെ നോട്ടിഫൈഡ് VFPCK മാർക്കറ്റുകളെ രജിസ്റ്റർ ചെയ്യാനുള്ള ഉത്തരവാദിത്വം.

**ഓരോ നോട്ടിഫൈഡ് വി.എഫ്.പി.സി.കെ മാർക്കറ്റുകളിലെയും അസിസ്റ്റൻറ് മാനേജർ/ഡെപ്യൂട്ടി മാനേജർക്കായിരിക്കും**(മാർക്കറ്റ് അഡ്മിൻ) **ആ വിപണിയിൽ നിന്നും അപ്ഡേറ്റ് ചെയ്യുന്ന മാർക്കറ്റ് വിലയുടെയും(നോഡൽ റഫറൻസ് മാർക്കറ്റ് ആണെങ്കിൽ), വില്പന വിവരങ്ങളുടെയും (സെയിൽസ് ഡീറ്റെയിൽസ്) ഉത്തരവാദിത്വം.** വില്പന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായ് സെയിൽസ്മാൻ/സെക്രട്ടറി (ഒന്നോ അതിലധികമോ) മാർക്കറ്റ് അഡ്മിന് രജിസ്റ്റർ ചെയ്യാവുന്നതാണ്. സെയിൽസ് മാൻ/സെക്രട്ടറി എല്ലാദിവസവും വില്പന വിവരങ്ങൾ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യണം. ഇത് മാർക്കറ്റ് അഡ്മിൻ (അസിസ്റ്റൻറ് മാനേജർ/ഡെപ്യൂട്ടി മാനേജർ) സർട്ടിഫൈ ചെയ്ത് സബ്ബ്മിറ്റ് ചെയ്യണം. അതാതു ദിവസത്തെ വില്പന വിവരങ്ങൾ ആണ് മാർക്കറ്റ് അഡ്മിന് സബ്ബ്മിറ്റ് ചെയ്യാൻ സാധിക്കുക. ഏതെങ്കിലും കാരണവശാൽ സബ്ബ്മിറ്റ് ചെയ്യാൻ സധിക്കാതെ വന്നാൽ ഡിസ്ട്രിക് മാനേജറുടെ അംഗീകാരത്തോടെ (റിമാർക്ക്സ്

ഉൾപ്പെടെ) മൂന്ന് ദിവസത്തിനുള്ളിൽ സബ്മിറ്റ് ചെയ്യാം. **യതൊരു കാരണവശാലും മൂന്ന് ദിവസത്തിന് ശേഷമുള്ള സെയിൽസ് ഡീറ്റെയിൽസ് സബ്മിറ്റ് ചെയ്യാൻ സാധിക്കില്ല.**

**പൊതു നിബന്ധന**

എല്ലാ ലോഗിനും മൊബൈൽ നമ്പരുമായി ലിങ്ക് ചെയ്തിട്ടുള്ളതാണ്. **ആയതിനാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ചുമതല മാറുമ്പോൾ, അവരെ വിടുതൽ ചെയ്യുന്നതിനു മുൻപ് പോർട്ടലിലെ ലോഗിൻ ഡീറ്റെയിൽസ് ഡീ-ആക്ടിവേറ്റ് ചെയ്യേണ്ടതും പുതിയ ഉദ്യോഗസ്ഥൻറെ വിവരങ്ങൾ ചേർക്കേണ്ടതുമാണ്.** മാർക്കറ്റ് അഡ്മിൻ ചുമതല കൈമാറുമ്പോൾ ജില്ലാ മാനേജർ ഇത് ഉറപ്പ് വരുത്തേണ്ടതാണ്. എല്ലാ തലത്തിലും ഈ നിബന്ധന കർശനമായി പാലിക്കേണ്ടതാണ്.

**ഹോർട്ടികോർപ്പ്**

ജില്ലാതലത്തിൽ ഹോർട്ടികോർപ്പ് ഏജൻസികളെ സൂപ്പർ അഡ്മിൻ രജിസ്റ്റർ ചെയ്യും. നോഡൽ മാർക്കറ്റുകളെ ചുമതലയുള്ള ജില്ലാ ഓഫീസർമാർ (ജില്ല/റീജിയണൽ മാനേജർ) ചേർക്കണം. സെയിൽസ് ഡീറ്റെയിൽസ് സെയിൽസ്മാൻ/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ/അക്കൗണ്ട്സ് അസിസ്റ്റന്റ് അപ് ലോഡ് ചെയ്യണം. ജില്ല/റീജിയണൽ മാനേജർ അംഗീകരിച്ചു സബ്മിറ്റ് ചെയ്യണം. മുകളിൽ പറഞ്ഞ പൊതു നിബന്ധന ഇവിടെ ബാധകമാണ്.

***വേൾഡ് മാർക്കറ്റ്/മൊത്ത വ്യാപാര വിപണി***

ജില്ലാതലത്തിൽനിന്നും വേൾഡ് മാർക്കറ്റിന് ലോഗ് ഇൻ ക്രിയേറ്റ് ചെയ്യണം. സെയിൽസ് ഡീറ്റെയിൽസ് സെയിൽസ്മാൻ/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ അപ് ലോഡ് ചെയ്യണം. അസിസ്റ്റന്റ് സെക്രട്ടറി / സെക്രട്ടറി അംഗീകരിച്ചു സബ്മിറ്റ് ചെയ്യണം. മുകളിൽ പറഞ്ഞ പൊതു നിബന്ധന ഇവിടെ ബാധകമാണ്.

**ഇക്കോഷോപ് /എ ഗ്രേഡ് ക്ലസ്റ്റർ വിപണി**

ജില്ലാതലത്തിൽനിന്നും ലോഗ് ഇൻ ക്രിയേറ്റ് ചെയ്യണം. നിലവിലെ ചുമതല ഉള്ള വ്യക്തി ആയിരിക്കും മാർക്കറ്റ് അഡ്മിൻ. അഡ്മിന് സെയിൽസ്മാൻ/ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ രജിസ്റ്റർ ചെയ്യാം. കൃഷി ഓഫീസർ മോണിറ്റർ ചെയ്യണം

**സാമ്പത്തിക ഇടപാടുകൾ**

അടിസ്ഥാന വില പ്രഖ്യാപിച്ചതിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് കർഷകരുടെ വിളകൾക്ക് പൊതുവിപണിയിൽ വില കുറയുന്ന സമയത്ത് അടിസ്ഥാന വില എത്രയും പെട്ടെന്ന് കർഷകർക്ക് ലഭ്യമാക്കുക എന്നതാണ്. ആയതിനാൽ ഈ പദ്ധതി പ്രകാരം ഉള്ള സാമ്പത്തിക ഇടപാടുകൾക്ക് കൃത്യമായ മാർഗനിർദേശങ്ങൾ നിശ്ചയിക്കേണ്ടത് അനിവാര്യമാണ്.

**1. ഹോർട്ടികോർപ്പ്**

**(a)വേൾഡ് മാർക്കറ്റ്/മൊത്ത വ്യാപാര വിപണിയിൽ നിന്നുമുള്ള സംഭരണം**

വേൾഡ് മാർക്കറ്റ്/മൊത്ത വ്യാപാര വിപണിയിൽ നിന്നും സംഭരിക്കുമ്പോൾ കർഷകർക്ക് വിപണിവില മൂന്ന് ദിവസത്തിനുള്ളിൽ മാർക്കറ്റ് സെക്രട്ടറി മാർക്കറ്റ് ഫണ്ടിൽനിന്നും കർഷകരുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. മാർക്കറ്റ് സെക്രട്ടറി ഇത് സംബന്ധിച്ച ക്ലെയിം 5 ദിവസത്തിനുള്ളിൽ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർക്ക് നൽകുകയും PAO 15 ദിവസത്തിനുള്ളിൽ മാർക്കറ്റ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തുക റിവോൾവിങ് ഫണ്ടിൽ നിന്നും നൽകേണ്ടതാണ്. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ പ്രസ്തുത ക്ലെയിം 10 ദിവസത്തിനുള്ളിൽ ഹോർട്ടികോർപ്പിന് നൽകേണ്ടതും ഹോർട്ടികോർപ്പ് ക്ലെയിം ലഭിച്ച് 20 ദിവസത്തിനുള്ളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് നിർബന്ധമായും തിരികെ നൽകേണ്ടതാണ്. നിശ്ചയിച്ച സമയപരിധിക്കുള്ളിൽ തുക നൽകാത്ത പക്ഷം ഹോർട്ടികോർപ്പിന് വരും വർഷത്തിലെ ബഡ്ജറ്റ് ഹെഡിൽ നിന്നും ഈ തുക സംസ്ഥാന തലത്തിൽ നിന്ന് തന്നെ കുറവ് വരുത്തുന്നതുമാണ്.

**(b)വി.എഫ്.പി.സി.കെ യിൽ നിന്നുമുള്ള സംഭരണം**

വി.എഫ്.പി.സി.കെ യിൽ നിന്നും സംഭരിക്കുന്ന പക്ഷം വി.എഫ്.പി.സി.കെ കർഷകർക്ക് മൂന്ന് ദിവസത്തിനുള്ളിൽ വിപണിവില നൽകേണ്ടതാണ്. ഹോർട്ടികോർപ്പ് പ്രസ്തുത ക്ലെയിം 3 ദിവസത്തിനുള്ളിൽ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർക്ക് സമർപ്പിക്കുകയും 5 ദിവസത്തിനുള്ളിൽ തന്നെ PAO വി.എഫ്.പി.സി.കെ ക്ക് തുക നൽകേണ്ടതാണ്. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ പ്രസ്തുത ക്ലെയിം 10 ദിവസത്തിനുള്ളിൽ ഹോർട്ടികോർപ്പിന് നൽകേണ്ടതും ഹോർട്ടികോർപ്പ് ക്ലെയിം ലഭിച്ച് 20 ദിവസത്തിനുള്ളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് നിർബന്ധമായും തിരികെ നൽകേണ്ടതാണ്.

**(c)കർഷകരിൽ നിന്നും നേരിട്ടുള്ള സംഭരണം**

കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പക്ഷം ഹോർട്ടികോർപ്പ് ക്ലെയിം 2 ദിവസത്തിനുള്ളിൽ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർക്ക് നൽകുകയും PAO റിവോൾവിങ് ഫണ്ടിൽനിന്നും 3 ദിവസത്തിനുള്ളിൽ തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതും ഹോർട്ടികോർപ്പ് ക്ലെയിം ലഭിച്ച് 20 ദിവസത്തിനുള്ളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അക്കൗണ്ടിലേക്ക് നിർബന്ധമായും തിരികെ നൽകേണ്ടതാണ്.

**കൃഷിവകുപ്പിലെ ഉദ്യോഗസ്ഥരുടെ ചുമതലകൾ**

**1. കൃഷി അസിസ്റ്റൻറ്**

കർഷകർ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും അടിസ്ഥാനവില പദ്ധതിക്ക്

ഓൺലൈനായി അപേക്ഷിക്കുകയും ചെയ്താൽ, വാർഡ് തല ചുമതലയുള്ള കൃഷി അസ്സിസ്റ്റന്റിന്റെ ലോഗിൻ പേജിൽ ആയിരിക്കും ഇത് ലഭ്യമാകുക. ഓരോ വിളകൾക്കും രണ്ട് ജിയോ ടാഗ് ചെയ്ത ഫോട്ടോ അപ്ലോഡ് ചെയ്യുവാൻ സൗകര്യമുണ്ട്. കർഷകന് തന്നെ ഇത് ചെയ്യാവുന്നതാണ്. എന്നാൽ ഫീൽഡ് സന്ദർശനവേളയിൽ കർഷകൻ ഫോട്ടോ അപ്ലോഡ് ചെയ്തിട്ടില്ലെങ്കിൽ കൃഷി അസിസ്റ്റൻറ് നിർബന്ധമായും വിളയുടെ ഫോട്ടോ അപ്ലോഡ് ചെയ്യേണ്ടതാണ്. നേന്ത്രവാഴ, മരച്ചീനി, കൈതച്ചക്ക എന്നീ വിളകൾക്ക് രണ്ടാമത് ഒരു ഫീൽഡ് സന്ദർശനം കൂടി നിശ്ചയിച്ചിട്ടുണ്ട്. ഈ സമയത്തും കൃഷി അസിസ്റ്റൻറ് വിളയുടെ ഫോട്ടോ നിർബന്ധമായും അപ്ലോഡ് ചെയ്യേണ്ടതാണ്. കൃഷി അസിസ്റ്റൻറ് ശുപാർശ ചെയ്യുന്ന കർഷകരുടെ വിവരങ്ങൾ കൃഷി ഓഫീസറുടെ ലോഗിനിൽ ലഭ്യമാകുന്നതാണ്.

## 2.കൃഷി ഓഫീസർ

തന്റെ ലോഗിനിൽ ലഭിക്കുന്ന അപേക്ഷകളുടെ ഒരു നിശ്ചിത ശതമാനം അപേക്ഷകൾ കൃഷി ഓഫീസർ ഫീൽഡ് പരിശോധന നടത്തേണ്ടതും അപേക്ഷ അംഗീകരിക്കേണ്ടതും ആണ്. ഇങ്ങനെ അംഗീകരിക്കപ്പെടുന്ന കർഷകരാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാകുക. ഏതെങ്കിലും വിളകൾക്ക് പ്രസ്തുത ജില്ലയിൽ അടിസ്ഥാന വില പ്രാബല്യത്തിൽ വന്നാൽ, സംഭരണ കേന്ദ്രങ്ങളിൽ (നോഡൽ മാർക്കറ്റുകൾ) നിന്നും അപ്ലോഡ് ചെയ്യുന്ന വിവരങ്ങൾ പോർട്ടൽ മുഖേന ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ലോഗിനിൽ ലഭ്യമാകും. നിശ്ചയിക്കപ്പെടുന്ന കാലയളവിൽ തന്നെ പോർട്ടലിൽ നിന്നും തയ്യാറാക്കുന്ന ക്ലെയിം ഡിജിറ്റൽ സൈൻ ഓടുകൂടി പ്രോപ്പർ ചാനലിൽ ഡയറക്ടറേറ്റിലേക്ക് ഓൺലൈനായി ഫോർവേഡ് ചെയ്യേണ്ടതാണ്.

## 3. എ.ഡി.എ മാർക്കറ്റിംഗ്

ഈ പദ്ധതിയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു ഉത്തരവാദിത്വമാണ് എ.ഡി.എ മാർക്കറ്റിങ്ങിന് നൽകിയിട്ടുള്ളത്. ജില്ലാതല പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റിയുടെ യുടെ നോഡൽ ഓഫീസർ കൂടിയാണ് എ.ഡി.എ മാർക്കറ്റിംഗ്. നോഡൽ റഫറൻസ് മാർക്കറ്റുകളിൽ നിന്നും ദിവസേന അപ്ലോഡ് ചെയ്യുന്ന വില വിവരങ്ങൾ യഥാസമയം വിശകലനം ചെയ്യുകയും വിളകളുടെ പൊതുവിപണിയിലെ വില അടിസ്ഥാനവിലയേക്കാൾ താഴെ പോകുന്ന സാഹചര്യം ഉണ്ടോ എന്ന് കണ്ടെത്തേണ്ടത് എ.ഡി.എ മാർക്കറ്റിംഗിന്റെ ചുമതലയാണ്. ഏതെങ്കിലും വിളയുടെ നോഡൽ റഫറൻസ് മാർക്കറ്റുകളുടെ ശരാശരി വില അടിസ്ഥാന വിലയേക്കാൾ താഴെ പോകുകയാണെങ്കിൽ ഇതിൽ സർക്കാർ ഉത്തരവിൽ പറഞ്ഞത് നിർദ്ദേശിച്ചത് പോലെയുള്ള ജില്ലാതല പ്രൈസ് മോണിറ്ററിംഗ് കമ്മിറ്റി അടിയന്തരമായി ചേരുകയും പ്രസ്തുത വിളക്ക് ജില്ലയിൽ അടിസ്ഥാന വില നിലവിൽ വന്നു എന്ന കമ്മിറ്റിയുടെ തീരുമാനം അംഗീകാരത്തിനായി ഓൺലൈനായി ഡയറക്ടർക്ക് സമർപ്പിക്കുന്നതിനുള്ള ചുമതല എ.ഡി.എ മാർക്കറ്റിങ്ങിന് ആണ്. ജില്ലയിലെ വിവിധ സംഭരണ ഏജൻസികളുടെ പ്രവർത്തനഏകോപനവും വിപണി ഇടപെടലുകൾ , ട്രാൻസ്പോർട്ടേഷൻ സൗകര്യം,അടിയന്തര സാഹചര്യങ്ങൾ നേരിടേണ്ട നടപടികൾ എന്നിവ കൈക്കൊള്ളേണ്ടത് എ.ഡി.എ മാർക്കറ്റിംഗിന്റെ ചുമതലയാണ്. പദ്ധതി നടത്തിപ്പിൽ ഏതെങ്കിലും രീതിയിലുള്ള ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടാൽ അത് കൃത്യസമയത്ത് കൃഷി ഡയറക്ടറെ അറിയിക്കുന്നതിനുള്ള ചുമതലയും എ.ഡി.എ മാർക്കറ്റിംഗിനാണ്.

**4. പ്രിൻസിപ്പൽ കൃഷി ഓഫീസർ**

പദ്ധതി നടത്തിപ്പിൽ ജില്ലാതല മോണിറ്ററിങ് നടത്തുന്നതിനുള്ള ചുമതല പ്രിൻസിപ്പൽ കൃഷി ഓഫീസർക്കാണ് . കൂടാതെ ജില്ലയിലെ നോട്ടിഫൈഡ് ഡിപാർട്മെന്റ് മാർക്കറ്റുകളെ എയിംസ് പോർട്ടലിൽ ചേർക്കുന്ന ചുമതലയും പ്രിൻസിപ്പൽ കൃഷി ഓഫീസർക്കാണ്.

**ഐടി സെൽ/ഡി ബി ടി സെൽ**

കൃഷി ഓഫീസർ അംഗീകരിച്ച ക്ലെയിമുകൾ മാനദണ്ഡപ്രകാരം ഡയറക്ടറേറ്റിൽ ലഭിച്ചുകഴിഞ്ഞാൽ 15 ദിവസത്തിനുള്ളിൽ തന്നെ ക്ലെയിം പ്രകാരമുള്ള തുക കർഷകരുടെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണ്. ഭാവിയിൽ കൃഷിവകുപ്പിലെ സ്കീം പ്രകാരമുള്ള മുഴുവൻ ആനുകൂല്യങ്ങളും കർഷകർക്ക് DBT മുഖേന നടപ്പിലാക്കുന്ന സാഹചര്യം ഉള്ളതിനാൽ ഡയറക്ടറേറ്റിലെ DBT സെൽ ശാക്തീകരിക്കുന്നതിനുള്ള നടപടികളും ഐടി സെൽ എടുക്കേണ്ടതാണ്.

ബ്ലോക്ക് തല എ.ഡി.എ മാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ഡയറക്ടറേറ്റിലെ മാർക്കറ്റിംഗ് വിഭാഗം എന്നിവരെല്ലാം മറ്റു പദ്ധതികൾ നടപ്പിലാക്കുന്ന രീതിയിലുള്ള ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടതാണ്

S/d-
കൃഷി ഡയറക്ടർ